"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - കേരള കാഷ്യൂ ബോർഡ് ലിമിറ്റഡിന് കേരള ബാങ്കിൽ നിന്നും 50 കോടി രൂപ ഒറ്റത്തവണ അഡ് ഹോക് ക്രെഡിറ്റ് വായ്പ ലഭിക്കുന്നതിന് 6 മാസത്തേയ്ക്ക് സർക്കാർ ഗ്യാരണ്ടി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (കെ) വകുപ്പ്**

സ.ഉ.(കൈ) നം.48/2025/ID    തീയതി,തിരുവനന്തപുരം, 12-06-2025

---

പരാമർശം:- 1. സ.ഉ. (കൈ) നം. 63/2018/വ്യവ. തീയതി 13/08/2018

2. സ.ഉ. (എം.എസ്) നം. 1/2025/വ്യവ. തീയതി 03/01/2025.

3. കേരള കാഷ്യൂ ബോർഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 20/03/2025 തീയതിയിലെ കെ.സി.ബി/204/2020 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തിന് പുറത്ത് നിന്നും വിദേശ രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി സംഭരിച്ച് സംസ്ഥാനത്തെ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് വിതരണം ചെയ്യുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി രൂപീകരിച്ച പൊതുമേഖലാ സ്ഥാപനമാണ് കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ്. വിദേശ രാജ്യങ്ങളിൽ നിന്നും പ്രത്യേകിച്ച് കശുവണ്ടി ഉത്പാദക ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുമാണ് നിലവിൽ കാഷ്യൂ ബോർഡ് തോട്ടണ്ടി സംഭരിക്കുന്നത്. ഇപ്രകാരം ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടി കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും (KSCDC) കാപ്പക്സിന്റെയും കീഴിൽ പ്രവർത്തിക്കുന്ന 40 കശുവണ്ടി സംസ്കരണ യൂണിറ്റുകളുടെ പ്രവർത്തനത്തിന് ലഭ്യമാക്കുന്നു.

2) തോട്ടണ്ടി വാങ്ങുന്നതിനുള്ള പ്രവർത്തന മൂലധനമായി കേരളാ ബാങ്കിൽ നിന്നും 100 കോടി രൂപ ക്രെഡിറ്റ് വായ്പ എടുക്കുന്നതിന് കേരള കാഷ്യൂ ബോർഡിന് പരാമർശം 1 ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ഗ്യാരണ്ടി നൽകിയിരുന്നു. ആയതിന്റെ കാലാവധി അവസാനിച്ചതിനെ തുടർന്ന് പരാമർശം 2 ഉത്തരവ് പ്രകാരം 6 വർഷത്തേയ്ക്ക് കൂടി പ്രസ്തുത സർക്കാർ ഗ്യാരണ്ടി ദീർഘിപ്പിച്ച് നല്കിയിരുന്നു. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിൽ നിന്നും കാപ്പെക്സിൽ നിന്നും ലഭ്യമാകുന്ന തിരിച്ചടവും കേരള സർക്കാരിൽ നിന്ന് പ്ലാൻ ഫണ്ടു വഴി ലഭ്യമാകുന്ന പ്രവർത്തമൂലധന വായ്പയും വിനിയോഗിച്ചാണ് കേരള ബാങ്കിന്റെ തിരിച്ചടവ് എല്ലാ വർഷവും സാധ്യമാക്കുന്നത്.

3) 2025-26 സാമ്പത്തിക വർഷം 20,000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യണമെന്ന ഉദ്ദേശ്യത്തോടുകൂടി നിലവിലെ 100 കോടി ക്യാഷ് ക്രെഡിറ്റ് വായ്പയ്ക്ക് പുറമേ ഒറ്റത്തവണ അഡ് ഹോക് ക്രെഡിറ്റ് വായ്പ ആയി 50 കോടി രൂപ കൂടി നൽകണമെന്ന് ആവശ്യപ്പെട്ട് കാഷ്യൂ ബോർഡ് കേരള ബാങ്കിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ടി പ്രൊപ്പോസൽ കേരള ബാങ്ക് പരിശോധിച്ച് ആയതിന് in-principal Approval നൽകിയിരുന്നു.

ആയതിനാൽ നിലവിലെ 100 കോടി രൂപയുടെ ക്യാഷ് ക്രെഡിറ്റ് വായ്പയ്ക്ക് പുറമേ ഒറ്റത്തവണ അഡ് ഹോക് ക്രെഡിറ്റ് വായ്പയായി 50 കോടി രൂപ കൂടി കേരള ബാങ്കിൽ നിന്നും ലഭിക്കുന്നതിന് സർക്കാർ ഗ്യാരണ്ടി നൽകണമെന്ന് കാഷ്യൂ ബോർഡ് സി.എം.ഡി പരാമർശം കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

4) മേൽ സാഹചര്യത്തിൽ, സർക്കാർ ടി വിഷയം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, കേരള കാഷ്യൂ ബോർഡ് ലിമിറ്റഡിന് കേരള ബാങ്കിൽ നിന്നും ഒറ്റത്തവണ അഡ് ഹോക് ക്രെഡിറ്റ് വായ്പയായി 50 കോടി രൂപ ലഭിക്കുന്നതിന്, ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി, 6 മാസത്തേയ്ക്ക് സർക്കാർ ഗ്യാരണ്ടി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ഗ്യാരണ്ടി ആക്റ്റ് പ്രകാരവും 16.10.2004 -ലെ. ജി.ഒ. (എം.എസ്) നം. 487/04/ഫിൻ പ്രകാരവും 0.75% നിരക്കിൽ ഗ്യാരണ്ടി കമ്മീഷൻ തുക സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.
ii) 16.10.2004 -ലെ സർക്കാർ ഉത്തരവിലെ നിബന്ധന 5 പ്രകാരം വൈകിയ അടവുകൾക്ക് 12% സാധാരണ പലിശ ഈടാക്കുന്നതാണ്.
iii) പിഴപ്പലിശ ഉണ്ടെങ്കിൽ അതുൾപ്പെടെ ഗ്യാരണ്ടി കമ്മീഷൻ തുക അടച്ച ചെലാൻ രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 16/08/2007 -ാം തീയതിയിലെ 66/2007/ധന നമ്പർ സർക്കുലർ പ്രകാരം ഗ്യാരണ്ടി തുക, ബാക്കി നിൽക്കുന്ന തുക, ഗ്യാരണ്ടി കമ്മീഷൻ തുക എന്നിവയുടെ വിവരങ്ങൾ (വിശദമായ കണക്കുകൾ സഹിതം) ഉൾപ്പെടുത്തിയ അർദ്ധ വാർഷിക റിപ്പോർട്ട് ധനകാര്യ വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.
iv) ഉടമ്പടി ഒപ്പു വയ്ക്കുന്നതിന് മുമ്പ് ബാക്കി അടയ്ക്കാനുള്ള ഗ്യാരണ്ടി കമ്മീഷൻ തുക ചെയർമാൻ & മാനേജിംഗ് ഡയറക്ടർ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.
v) ഗ്യാരണ്ടി ആക്റ്റ് പ്രകാരം കമ്മീഷൻ ഒഴിവാക്കാൻ കഴിയാത്തതിനാൽ ഗ്യാരണ്ടി കമ്മീഷന്റെ കൃത്യമായ അടവ് ഉറപ്പ് വരുത്തുന്നതിലേയ്ക്കായി സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട ഗ്യാരണ്ടി കമ്മീഷൻ തുക അടച്ചതിന്റെ ത്രൈമാസ റിപ്പോർട്ട് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ മുടക്കം കൂടാതെ സമർപ്പിക്കേണ്ടതാണ്.
vi) ഗ്യാരണ്ടി ഉടമ്പടിയിൽ സർക്കാർ ഉത്തരവിന്റെ നമ്പർ, സർക്കാർ ഗ്യാരണ്ടിയുടെ തീയതി, ഗ്യാരണ്ടി തുക, എത്ര വർഷത്തേയ്ക്കാണ് ഗ്യാരണ്ടി നൽകുന്നത്, 2022 -ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്റ്റ് പ്രകാരം ഗവണ്മെന്റ് ഗ്യാരണ്ടികളുടെ പരാമവധി പരിധി ഏതൊരു വർഷവും ഏപ്രിൽ ഒന്നാം തീയതി ബാക്കി നിൽക്കുന്ന മൊത്തം സർക്കാർ ഗ്യാരണ്ടികൾ, മുൻവർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മൊത്തം റവന്യൂ വരുമാനത്തിന്റെ 100 ശതമാനമോ അല്ലെങ്കിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ (ജിഎസ്ഡിപി) 10 ശതമാനമോ ഇതിൽ ഏതാണോ കുറവ്, അത് ആയിരിക്കേണ്ടതാണ്'' എന്നിവ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ്, തിരുവനന്തപുരം.
ഡയറക്ടർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ,/ഓഡിറ്റ്), തിരുവനന്തപുരം.
ധനകാര്യ (പി.യു.-ഡി) വകുപ്പ് (840770/PU-B3/66/2018-FIN Dtd 02/05/2025).
പൊതുഭരണ (എസ്.സി) വകുപ്പ് (ബഹു. മന്ത്രിസഭയുടെ                തീയതിയിലെ ഇനം നം.
പ്രകാരം).
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ ഉത്തരവ് വെബ്സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. കൈ2/48/2025/വ്യവ.)

ഉത്തരവിൻ പ്രകാരം

Signed by
Simi Jose V
Date: 12-06-2025 17:04:10

സെക്ഷൻ ഓഫീസർ

**<u>പകർപ്പ്:-</u>** ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ -യ്ക്ക്

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 11-06-2025**

ഫയൽ നം. വ്യവ-കെ2/48/2025/വ്യവ. ഇനം നം: 3035

വിഷയം : വ്യവസായ വകുപ്പ് - കേരള കാഷ്യൂ ബോർഡ് ലിമിറ്റഡിന് കേരള ബാങ്കിൽ നിന്നും 50 കോടി രൂപ ഒറ്റത്തവണ അഡ്ഹോക് ക്രെഡിറ്റ് വായ്പ ലഭിക്കുന്നതിന് സർക്കാർ ഗ്യാരണ്ടി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

12/6/25

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

12/6/25

3035

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം. വ്യവ-കെ2/48/2025-വ്യവ |
| 2 | വകുപ്പ് | | വ്യവസായ (കെ ) വകുപ്പ് |
| 3 | വിഷയം | : | കേരള കാഷ്യൂ ബോർഡ് ലിമിറ്റഡിന് കേരള ബാങ്കിൽ നിന്നും 50 കോടി രൂപ ഒറ്റത്തവണ അഡ്ഹോക് ക്രെഡിറ്റ് വായ്പ ലഭിക്കുന്നതിന് സർക്കാർ ഗ്യാരണ്ടി നൽകുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 31.05.2025 |
| 5 | (I) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; | : | ഇല്ല |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ; | | |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ.സിജു ജേക്കബ് |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.എ.പി.എം. മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 05.06.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 09.06.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പി.രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 10.06.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 10.06.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള കാഷ്യു ബോർഡ് ലിമിറ്റഡിന് കേരള ബാങ്കിൽ നിന്നും 50 കോടി രൂപ ഒറ്റത്തവണ അഡ്ഹോക് ക്രെഡിറ്റ് വായ്പ ലഭിക്കുന്നതിന് സർക്കാർ ഗ്യാരണ്ടി നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) സംസ്ഥാനത്തിന് പുറത്തു നിന്നും വിദേശ രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി സംഭരിച്ച് സംസ്ഥാനത്തെ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് വിതരണം ചെയ്യുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി രൂപീകരിച്ച പൊതുമേഖലാ സ്ഥാപനമാണ് കേരള കാഷ്യു ബോർഡ് ലിമിറ്റഡ്. വിദേശ രാജ്യങ്ങളിൽ നിന്നും പ്രത്യേകിച്ച് കശുവണ്ടി ഉത്പാദക ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുമാണ് നിലവിൽ കാഷ്യു ബോർഡ് തോട്ടണ്ടി സംഭരിക്കുന്നത്. ഇപ്രകാരം ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടി കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും (KSCDC) കാപ്പക്സിന്റെയും കീഴിൽ പ്രവർത്തിക്കുന്ന 40 കശുവണ്ടി സംസ്കരണ യൂണിറ്റുകളുടെ പ്രവർത്തനത്തിന് ലഭ്യമാക്കുന്നു.

3) സ.ഉ. (കൈ) നം. 63/2018/വ്യവ. തീയതി 13/08/2018 പ്രകാരം കേരള കാഷ്യു ബോർഡിന് കേരള ബാങ്കിൽ നിന്നും 100 കോടി രൂപ ക്രെഡിറ്റ് വായ്പ എടുക്കുന്നതിന് സംസ്ഥാന സർക്കാർ ഗ്യാരണ്ടി നൽകിയിരുന്നു. ആയതിന്റെ കാലാവധി അവസാനിച്ചതിനെ തുടർന്ന് സ.ഉ. (കൈ) നം. 1/2025/വ്യവ. തീയതി 03/01/2025 ഉത്തരവ് പ്രകാരം 6 വർഷത്തേയ്ക്ക് കൂടി പ്രസ്തുത സർക്കാർ ഗ്യാരണ്ടി ദീർഘിപ്പിച്ച് നല്കിയിരുന്നു. ടി വായ്പ വിനിയോഗിച്ചാണ് തോട്ടണ്ടി ഇറക്കുമതി ചെയ്ത് കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും വിതരണം ചെയ്യുന്നത്. ടി സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന തിരിച്ചടവും കേരള സർക്കാരിൽ നിന്ന് പ്ലാൻ ഫണ്ടു വഴി ലഭ്യമാകുന്ന പ്രവർത്തനമൂലധന വായ്പയും വിനിയോഗിച്ചാണ് കേരള ബാങ്കിന്റെ തിരിച്ചടവ് എല്ലാവർഷവും സാധ്യമാക്കുന്നത്.

4) 2025-26 സാമ്പത്തിക വർഷം തൊഴിലാളികൾക്ക് ഇ.എസ്.ഐ തുടങ്ങിയ ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുന്നതിന് 20,000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യാൻ കാഷ്യു ബോർഡ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ള ക്യാഷ് ക്രെഡിറ്റ് വായ്പയായ 100 കോടി രൂപ കൊണ്ട് സീസണനുസരിച്ച് ആവശ്യമായ തോട്ടണ്ടി ഇറക്കുമതി ചെയ്യാൻ കഴിയാറില്ല. ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടി സംസ്കരിച്ച് കശുവണ്ടിപ്പരിപ്പ് വിൽപന നടത്തി തിരിച്ചടവ് ലഭ്യമാകുന്ന സമയത്ത് സീസണിലെ വ്യതിയാനം കാരണം ആവശ്യമായ കൂടുതൽ തോട്ടണ്ടി സംഭരിക്കാനാകുന്നില്ല. ഇത്തരത്തിൽ ഇറക്കുമതിയുമായി

ബന്ധപ്പെട്ട് പല ബുദ്ധിമുട്ടുകളും നേരിടുന്നതിനാൽ കേരള കാഷ്യു ബോർഡ് നാളിതുവരെ ഇറക്കുമതി ചെയ്തതിൽ പരമാവധി സാധ്യമായത് 2023-2024 -ൽ 14,000 മെട്രിക് ടണ്ണാണ്.

5) മേൽ സാഹചര്യത്തിൽ, 2025-26 സാമ്പത്തിക വർഷം 20,000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യണമെന്ന ഉദ്ദേശ്യത്തോടുകൂടി നിലവിലെ 100 കോടി ക്യാഷ് ക്രെഡിറ്റ് വായ്പയ്ക്ക് പുറമേ ഒറ്റത്തവണ അഡ് ഹോക് ക്രെഡിറ്റ് വായ്പ ആയി 50 കോടി രൂപ കൂടി നൽകണമെന്ന് ആവശ്യപ്പെട്ട് കാഷ്യൂ ബോർഡ് കേരള ബാങ്കിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ടി പ്രൊപ്പോസൽ കേരള ബാങ്ക് പരിശോധിച്ച് ആയതിന് in-principal Approval നൽകിയിട്ടുണ്ട്. ടി തുക കേരള ബാങ്ക് അനുവദിക്കുന്ന പക്ഷം 6 മാസത്തിനുള്ളിൽ പലിശ സഹിതം പൂർണ്ണമായും തിരിച്ചടക്കുമെന്ന് കാഷ്യു ബോർഡ് കേരള ബാങ്കിനെ അറിയിച്ചിരുന്നു.

6) കേരള കാഷ്യു ബോർഡിന്റെ അപേക്ഷയും അനുബന്ധ രേഖകളും ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന് നൽകിയപ്പോൾ ടി വകുപ്പ് ചുവടെ പറയും പ്രകാരം മറുപടി ലഭ്യമാക്കി:

"കേരള കാഷ്യു ബോർഡിന് കേരള ബാങ്കിൽ നിന്നും വൺ ടൈം അഡ് ഹോക് ക്യാഷ് ക്രഡിറ്റ് (One time Ad hoc Cash Credit) വായ്പക്ക് 50 കോടി രൂപയുടെ ഗവണ്മെന്റ് ഗ്യാരണ്ടി 6 മാസത്തേയ്ക്ക് ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കുന്നതിന് ധനവകുപ്പ് അംഗീകാരം നൽകുന്നു."

## ഗ്യാരണ്ടി വ്യവസ്ഥകൾ

1. ഗ്യാരണ്ടി ആക്റ്റ് പ്രകാരവും 16.10.2004 ലെ. ജി.ഒ. (എം.എസ്) 487/04/ഫിൻ പ്രകാരവും 0.75% നിരക്കിൽ ഗ്യാരണ്ടി കമ്മീഷൻ തുക സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

2. 16.10.2004 ലെ സർക്കാർ ഉത്തരവിലെ നിബന്ധന 5 പ്രകാരം വൈകിയ അടവുകൾക്ക് 12% സാധാരണ പലിശ ഈടാക്കുന്നതാണ്.

3. പിഴപ്പലിശ ഉണ്ടെങ്കിൽ അതുൾപ്പെടെ ഗ്യാരണ്ടി കമ്മീഷൻ തുക അടച്ച ചെലാൻ രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 16/08/2007 -ാം തിയതിയിലെ 66/2007-ധന നമ്പർ സർക്കുലർ പ്രകാരം ഗ്യാരണ്ടി തുക, ബാക്കി നിൽക്കുന്ന തുക, ഗ്യാരണ്ടി കമ്മീഷൻ തുക എന്നിവയുടെ വിവരങ്ങൾ (വിശദമായ കണക്കുകൾ സഹിതം) ഉൾപ്പെടുത്തിയ അർദ്ധ വാർഷിക റിപ്പോർട്ട് ധനകാര്യ വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.

4. ഉടമ്പടി ഒപ്പ് വയ്ക്കുന്നതിന് മുമ്പ് ബാക്കി അടയ്ക്കാനുള്ള ഗ്യാരണ്ടി കമ്മീഷൻ തുക മാനേജിംഗ് ഡയറക്ടർ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

5. ഗ്യാരണ്ടി ആക്റ്റ് പ്രകാരം കമ്മീഷൻ ഒഴിവാക്കാൻ കഴിയാത്തതിനാൽ ഗ്യാരണ്ടി കമ്മീഷന്റെ കൃത്യമായ അടവ് ഉറപ്പ് വരുത്തുന്നതിലേയ്ക്കായി സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട ഗ്യാരണ്ടി കമ്മീഷൻ തുക അടച്ചതിന്റെ ത്രൈമാസ റിപ്പോർട്ട് മാനേജിംഗ് ഡയറക്ടർ മുടക്കം കൂടാതെ സമർപ്പിക്കേണ്ടതാണ്.

6. ഗ്യാരണ്ടി ഉടമ്പടിയിൽ സർക്കാർ ഉത്തരവിന്റെ നമ്പർ, സർക്കാർ ഗ്യാരണ്ടിയുടെ തീയതി, ഗ്യാരണ്ടി തുക, എത്ര വർഷത്തേയ്ക്കാണ് ഗ്യാരണ്ടി നൽകുന്നത്, 2022 ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ട് പ്രകാരം ഗവണ്മെന്റ് ഗ്യാരണ്ടികളുടെ പരാമവധി പരിധി ഏതൊരു വർഷവും ഏപ്രിൽ ഒന്നാം തീയതി ബാക്കി നിൽക്കുന്ന മൊത്തം സർക്കാർ ഗ്യാരണ്ടികൾ, മുൻവർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മൊത്തം റവന്യൂ വരുമാനത്തിന്റെ 100 ശതമാനമോ അല്ലെങ്കിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ (ജിഎസ്ഡിപി) 10 ശതമാനമോ ഇതിൽ ഏതാണോ കുറവ്, അത് ആയിരിക്കേണ്ടതാണ്" എന്നിവ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതും, ഗ്യാരണ്ടി ഡീഡ് നിയമവകുപ്പ് വെറ്റ് ചെയ്യേണ്ടതുമാണ്.

ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്".

7) തുടർന്ന്, കേരള ബാങ്കിൽ നിന്നും 50 കോടി രൂപ ഒറ്റത്തവണ അഡ് ഹോക് ക്രെഡിറ്റ് വായ്പ എടുക്കുന്നതിന് കേരള കാഷ്യു ബോർഡിന് സർക്കാർ ഗ്യാരണ്ടി നൽകാവുന്നതാണോ എന്നതിൽ ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ, ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടു.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

കേരള കാഷ്യൂ ബോർഡ് ലിമിറ്റഡിന് കേരള ബാങ്കിൽ നിന്നും 50 കോടി രൂപ ഒറ്റത്തവണ അഡ് ഹോക് ക്രെഡിറ്റ് വായ്പ ലഭിക്കുന്നതിന്, ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി, 6 മാസത്തേയ്ക്ക് സർക്കാർ ഗ്യാരണ്ടി നൽകാമോ?

**GOVERNMENT OF KERALA**

**SHRI.PINARAYI VIJAYAN MINISTRY**

**NOTE FOR THE COUNCIL OF MINISTERS**

| | | | |
|---|---|---|---|
| 1 | File No. | : IND-K2/48/2025-IND |
| 2 | Department. | : INDUSTRIES (K) DEPARTMENT |
| 3 | Subject | : Providing Government Guarantee to Kerala Cashew Board (KCB) Ltd for availing one time ad hoc cash credit loan of Rs. 50 crore from Kerala Bank - Reg. |
| 4 | Date of Chief Ministers' order for placing before the Council | 31.05.2025 |
| 5 | (i) Does the case involve financial commitments/implications. | Yes |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note. | Yes |
| 6 | Are any other Departments concerned with the case and if so, have they beenconsulted and their remarks incorporated in the Note for the Council ? | No |
| 7 | Name of Joint Secretary who submitted the Draft Note | Shri. Siju Jacob |
| 8 | Name of Principal Secretary who approved the Draft Note | Shri. A P M Mohammed Hanish |
| 9 | Date of approval of the Draft Note for the Council by the Principal Secretary | 05.06.2025 |
| 10 | Name of Chief Secretary who approved the Draft Note | Dr. A. Jayathilak |
| 11 | Date of approval of the Draft Note for the Council by the Chief Secretary | 09.06.2025 |
| 12 | Name of Minister who approved the Draft Note | Shri.P.Rajeeve |
| 13 | Date of approval of the Draft Note for the Council by the Minister concerned | 10.06.2025 |
| 14 | Date of Submission of Fair Copies | 10.06.2025 |
| 15 | Date of decision by the Council of Ministers | |
| 16 | Number and date of the G.O / Letter communicating the decision | |

# NOTE FOR THE COUNCIL OF MINISTERS

This note pertains to providing Government Guarantee to Kerala Cashew Board (KCB) Ltd for availing one time ad hoc cash credit loan of Rs. 50 crore from Kerala Bank.

2) The Kerala Cashew Board (KCB) Ltd was established by Government of Kerala as a Special Purpose Vehicle (SPV) with the main objective of procuring Raw Cashew Nut (RCN) from within and outside India and making it available to various Cashew Processing Units in the State. Kerala Cashew Board (KCB) Ltd is currently engaged in import of Raw Cashew Nut (RCN) from foreign countries especially Cashew Producing African Nations. This imported Raw Cashew Nut is supplied to 40 Cashew Processing Units operated by Kerala State Cashew Development Corporation (KSCDC) Ltd and CAPEX.

3) As per G.O (Ms) No. 63/2018/ID Dtd 13/08/2018, State Government had provided Guarantee to Kerala Cashew Board (KCB) Ltd for availing a Cash Credit Loan of ₹ 100 crore from Kerala Bank. On its expiry on 31/10/2024, Government renewed the Guarantee for six more years with effect from 01/11/2024 vide G.O (Ms) No. 1/2025/ID Dtd 03/01/2025. This loan is being used for procuring and supplying RCN to KSCDC & CAPEX. All repayment commitments of KCB is met through remittances from these institutions and financial assistance received from State Government by way of Working Capital Loans allotted through plan funds.

4) Kerala Cashew Board has prepared a plan to import 20,000 MT of Raw Cashew Nuts to provide more working days as part of ensuring benefits such as ESI to workers in the 2025-26 financial year. The existing cash credit loan of Rs 100 crore is

insufficient to meet the seasonal requirement of cashew nuts. Due to seasonal variations, it is not possible to procure more cashew nuts than is required at the time when cashew nuts are processed and sold for repayment. With many hiccups being faced with such imports, the maximum that the Kerala Cashew Board has been able to import to date is 14,000 metric tons during 2023-2024.

5) Under the above context, Cashew Board has submitted a proposal to Kerala Bank to sanction a one time ad hoc loan of 50 crore in addition to the existing 100 crore credit loan for the purpose of importing 20,000 Metric Tons of RCN during 2025-26. Further, Kerala Bank has given in- principal approval for this proposal after its due verification. Cashew Board has intimated the Bank that if this amount is sanctioned, the entire amount will be repaid with interest within 6 months.

6) When the request of KCB Ltd along with requisite details was forwarded to Finance Department, that Department offered the following remarks:

"കേരള കാഷ്യൂ ബോർഡിന് കേരള ബാങ്കിൽ നിന്നും വൺ ടൈം അഡ് ഹോക് ക്യാഷ് ക്രഡിറ്റ് (One time Ad hoc Cash Credit) വായ്പക്ക് 50 കോടി രൂപയുടെ ഗവൺമെന്റ് ഗ്യാരണ്ടി 6 മാസത്തേയ്ക്ക് ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കുന്നതിന് ധനവകുപ്പ് അംഗീകാരം നൽകുന്നു.

<u>ഗ്യാരണ്ടി വ്യവസ്ഥകൾ</u>

1. ഗ്യാരണ്ടി ആക്റ്റ് പ്രകാരവും 16.10.2004 ലെ. ജി.ഒ. (എം.എസ്) 487/04/ഫിൻ പ്രകാരവും 0.75% നിരക്കിൽ ഗ്യാരണ്ടി കമ്മീഷൻ തുക സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

2. 16.10.2004 ലെ സർക്കാർ ഉത്തരവിലെ നിബന്ധന 5 പ്രകാരം വൈകിയ അടവുകൾക്ക് 12% സാധാരണ പലിശ ഈടാക്കുന്നതാണ്.

3. പിഴപ്പലിശ ഉണ്ടെങ്കിൽ അതുൾപ്പെടെ ഗ്യാരണ്ടി കമ്മീഷൻ തുക അടച്ച ചെലാൻ രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 16/08/2007-ാം തിയതിയിലെ 66/2007-ധന നമ്പർ സർക്കുലർ പ്രകാരം ഗ്യാരണ്ടി തുക, ബാക്കി നിൽക്കുന്ന തുക, ഗ്യാരണ്ടി കമ്മീഷൻ തുക

എന്നിവയുടെ വിവരങ്ങൾ (വിശദമായ കണക്കുകൾ സഹിതം) ഉൾപ്പെടുത്തിയ അർദ്ധ വാർഷിക റിപ്പോർട്ട് ധനകാര്യ വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.

4. ഉടമ്പടി ഒപ്പ് വയ്ക്കുന്നതിന് മുമ്പ് ബാക്കി അടയ്ക്കാനുള്ള ഗ്യാരണ്ടി കമ്മീഷൻ തുക മാനേജിംഗ് ഡയറക്ടർ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

5. ഗ്യാരണ്ടി ആക്റ്റ് പ്രകാരം കമ്മീഷൻ ഒഴിവാക്കാൻ കഴിയാത്തതിനാൽ ഗ്യാരണ്ടി കമ്മീഷന്റെ കൃത്യമായ അടവ് ഉറപ്പ് വരുത്തുന്നതിലേയ്ക്കായി സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട ഗ്യാരണ്ടി കമ്മീഷൻ തുക അടച്ചതിന്റെ ത്രൈമാസ റിപ്പോർട്ട് മാനേജിംഗ് ഡയറക്ടർ മുടക്കം കൂടാതെ സമർപ്പിക്കേണ്ടതാണ്.

6. ഗ്യാരണ്ടി ഉടമ്പടിയിൽ സർക്കാർ ഉത്തരവിന്റെ നമ്പർ, സർക്കാർ ഗ്യാരണ്ടിയുടെ തീയതി, ഗ്യാരണ്ടി തുക, എത്ര വർഷത്തേയ്ക്കാണ് ഗ്യാരണ്ടി നൽകുന്നത്, 2022 ലെ കേരള ധനകാര്യ (2 ാം നമ്പർ) ആക്ട് പ്രകാരം ഗവണ്മെന്റ് ഗാരണ്ടികളുടെ പരാമവധി പരിധി ഏതൊരു വർഷവും ഏപ്രിൽ ഒന്നാം തീയതി ബാക്കി നിൽക്കുന്ന മൊത്തം സർക്കാർ ഗാരണ്ടികൾ, മുൻവർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മൊത്തം റവന്യൂ വരുമാനത്തിന്റെ 100 ശതമാനമോ അല്ലെങ്കിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ (ജിഎസ്ഡിപി) 10 ശതമാനമോ ഇതിൽ ഏതാണോ കുറവ്, അത് ആയിരിക്കേണ്ടതാണ്" എന്നിവ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതും, ഗ്യാരണ്ടി ഡീഡ് നിയമവകുപ്പ് വെറ്റ് ചെയ്യേണ്ടതുമാണ്.

ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്".

7) In furtherance, when the file was circulated for orders as to whether Government Guarantee may be provided to Kerala Cashew Board Ltd for availing a one time ad hoc credit loan assistance of 50 crore from Kerala Bank, the Hon'ble Chief Minister ordered to place the matter before the Council of Ministers.

**Point for Decision**

Whether Government Guarantee may be provided to Kerala Cashew Board (KCB) Ltd for six months to avail a one time ad hoc credit loan assistance of Rs. 50 crore from Kerala Bank, subject to the conditions specified by Finance Department?